"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - പദ്ധതി 2025-26 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1500/2025/RD തീയതി,തിരുവനന്തപുരം, 21-06-2025

AS/REV/25/43162

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.04.2025 തീയതിയിലെ LR/8656/2024-LR(M5) നമ്പർ കത്ത്.
2. 12.06.2025 തീയതിയിലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

കളക്ടറേറ്റ്, ആർ.ഡി.ഒ ഓഫീസുകൾ, സബ്കളക്ടർ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സ്പെഷ്യൽ ഓഫീസുകൾ എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി സ്മാർട്ട് കെട്ടിടങ്ങൾ ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച് (ഇ-ഗവേണൻസ് ഉൾക്കൊള്ളുന്നത്) ജനങ്ങൾക്ക് സേവനങ്ങൾ അതിവേഗത്തിൽ നൽകുക എന്നതാണ് "കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ" എന്ന പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി വഴി ഓൺലൈനിലും പരമ്പരാഗതരീതിയിലും നിശ്ചിത റവന്യൂ സംബന്ധമായ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് നൽകുവാനാണ് സ്മാർട്ട് റവന്യൂ ഓഫീസുകൾ ലക്ഷ്യമിടുന്നത്. വില്ലേജ് ഓഫീസ് തലം മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലം വരെയുള്ള ഓഫീസുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുവഴി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഭൂരിഭാഗം വില്ലേജ് ഓഫീസുകളിലും ലഭ്യമല്ല. കൂടാതെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഓഫീസുകൾ, താലൂക്ക്, സബ് ഡിവിഷണൽ, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിലും സമാനമായ സാഹചര്യമാണ് നിലവിലുള്ളത്. മെച്ചപ്പെട്ടതും നൂതന വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവുമായ ഓഫീസ് അന്തരീക്ഷം സേവന ദാതാവിനും ഗുണഭോക്താവിനും ഒരേപോലെ അത്യന്താപേക്ഷിതമാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിലേക്കായി കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷം 5475-00-800-77-01 (പിവി) എന്ന ശീർഷകത്തിൽ 5400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2] നടപ്പ് സാമ്പത്തിക വർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ പ്രധാനമായി 5 ഘടകങ്ങളാണുള്ളത്. 1] സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം & സ്പിൽ ഓവർ വർക്ക് 2] മറ്റ് റവന്യൂ ഓഫീസുകളുടെ നവീകരണം & സ്പിൽ ഓവർ വർക്ക് 3] അനുബന്ധ പ്രവർത്തനങ്ങൾ, 4] റവന്യൂ ഭവൻ & 5] പട്ടയ മിഷൻ.

3] പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിനായുള്ള വിശദമായ പദ്ധതി പ്രൊപ്പോസൽ പരാമർശം 1 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. 12.06.2025 തീയതി കൂടിയ

സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിയ്ക്കുകയും 2021-ലെ DSR നിരക്ക് പ്രകാരം പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവൃത്തികൾ നിർവ്വഹിക്കാവൂ എന്ന നിബന്ധനയോടെ ആയത് അംഗീകരിക്കുകയും ചെയ്തു.

4] മേൽ സാഹചര്യത്തിൽ, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനയ്ക്ക് വിധേയമായി, നടപ്പ സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഘടകങ്ങൾക്കായി 5400 ലക്ഷം രൂപ (അയ്യായിരത്തി നാന്നൂറ് ലക്ഷം രൂപ) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഘടകം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം & സ്പിൽ ഓവർ വർക്ക് | 4100.00 |
| 2 | മറ്റ് റവന്യൂ ഓഫീസുകളുടെ നവീകരണം & സ്പിൽ ഓവർ വർക്ക് [വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളുടെ പരിപാലനം, വില്ലേജ് ഓഫീസുകൾ ഒഴികെയുള്ള റവന്യൂ ഓഫീസുകളുടെ നവീകരണം, ഫീൽഡ് ഓഫീസ് കം റെസിഡൻഷ്യൽ സൗകര്യങ്ങളുടെ നിർമ്മാണം, കൂടാതെ നിർമ്മാണവുമായി ബന്ധപ്പെട്ട് പഴയകെട്ടിടങ്ങളുടെ പൊളിക്കൽ, മരംമുറി തുടങ്ങിയ unforeseen ചെലവുകൾ] | |
| 3 | അനുബന്ധ പ്രവർത്തനങ്ങൾ - വകുപ്പിനുള്ളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകൾക്കുള്ള അനുബന്ധ പ്രവർത്തനങ്ങൾ, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, റവന്യൂ അവാർഡ്, പുതിയ റവന്യൂ ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടന ചെലവ്, പ്രധാനപ്പെട്ട റവന്യൂ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ തുടങ്ങിയവ | |
| 4 | റവന്യൂ ഭവൻ | 1000.00 |
| 5 | പട്ടയ മിഷൻ | 300.00 |
| | **ആകെ** | **5400.00** |

5 ] പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷത്തെ 5475-00-800-77-01 (പി വി) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

6] ഇപ്രകാരം അനുവദിക്കുന്ന തുക യഥാർത്ഥ ആവശ്യകത അടിസ്ഥാനമാക്കി മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂവെന്നും പ്രസ്തുത തുക ബാങ്കുകളിൽ പാർക്ക് ചെയ്യുവാൻ പാടില്ലായെന്നും നിർദ്ദേശിക്കുന്നു.

7] പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളെയും മറ്റ് റവന്യൂ ഓഫീസുകളുടെ നവീകരണം/പരിപാലനം/നിർമ്മാണത്തിനായുമുള്ള പ്രവൃത്തികളെയും തിരഞ്ഞെടുത്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (20.06.2025-ലെ വ്യയം-ഡി1/202/2025-ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി [File no.F2/178/2025-Rev]

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 21-06-2025 18:13:26
സെക്ഷൻ ഓഫീസർ